കേരള പ്രസ് അക്കാദമി
കാക്കനാട് : കൊച്ചി-30

## പ്രസ് അക്കാദമി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷിക്കാം

പത്രക്കുറിപ്പ് നം. 18 / 2010 തീയതി: 15..6...2010

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള പ്രസ് അക്കാദമി പുതുതായി ആരംഭിക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ അംഗീകാരമുള്ള മൂന്നു മാസം ദൈർഘ്യമുള്ള ഈ കോഴ്സ് ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം കൈവരിച്ച് ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിലൂടെ വ്യക്തിത്വ വികസനം സാധ്യമാക്കുന്ന രീതിയിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്. ജേർണലിസ്റ്റുകൾ, പ്രൊഫഷണലുകൾ, ബിസിനസ് മേഖലയിലും സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്നവർ, ഉദ്യോഗാർത്ഥികൾ, വിദ്യാർത്ഥികൾ വിദേശത്തു ജോലിക്കു ശ്രമിക്കുന്നവർ ഇംഗ്ലീഷ്ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കാനുദ്ദേശിക്കുന്ന മറ്റു വിഭാഗങ്ങളിൽപ്പെട്ടവർ എന്നിവർക്ക് കോഴ്സ് പ്രയോജനപ്രദമാണ്.

പബ്ലിക് സ്പീക്കിങ്ങ്, പേഴ്സണാലിറ്റി ഡെവലപ്മെന്റ്, സിറ്റുവേഷൻ മാനേജ്മെന്റ്, ഇന്റർവ്യൂ സ്ക്കിൽസ് എന്നിവയ്ക്ക് പ്രാധാന്യം നൽകിയാണ് കോഴ്സ് രൂപപ്പെടുത്തിയിട്ടുള്ളത്. കമ്പ്യൂട്ടർവത്കൃത മീഡിയലാബിന്റെയും മറ്റു ദൃശ്യ, ശ്രാവ്യ ഉപകരണങ്ങളുടേയും സാധ്യതകൾ ഉപയോഗിച്ചുകൊണ്ടാണ് പരിശീലനം ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഇംഗ്ലീഷ് പാഠ്യ മേഖലയിലെ മുൻനിര ഏജൻസികളുടെ സഹകരണവും ഉറപ്പാക്കും. ആശയവിനിമയ രംഗത്ത് മറ്റുരാജ്യങ്ങളിലെ സാസ്കാരിക തനിമ പരിചയപ്പെടുത്തുന്ന ആശയവിനിമയ പരിശീലനം കോഴ്സിന്റെ പ്രത്യേകതയായിരിക്കും. കേരള പ്രസ് അക്കാദമി കാമ്പസിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കോഴ്സ് ജൂലൈ ആദ്യവാരം ആരംഭിക്കും

നിർദ്ദിഷ്ട ഫീസ് ( കോഴ്സ് ഫീ 2500, അപേക്ഷാ ഫോറം 50)സഹിതം പൂരിപ്പിച്ച അപേക്ഷകൾ ജൂൺ 18 മുതൽ 30വരെ കാക്കനാട് സിവിൽ സ്റ്റേഷനു സമീപമുള്ള പ്രസ് അക്കാദമിയിൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷാ ഫോറം നേരിട്ടോ പ്രസ് അക്കാദമിയുടെ വെബ് സൈറ്റിൽ (www.pressacademy.org) നിന്നും ഡൗൺലോഡ് ചെയ്തോ ഉപയോഗിക്കാം. ഡൗൺലോഡ് ചെയ്ത് അപേക്ഷ പൂരിപ്പിച്ച് നൽകുമ്പോൾ സെക്രട്ടറി, കേരള പ്രസ് പ്രസ് അക്കാദമി എന്ന പേരിൽ എറണാകുളം സർവീസ് ബ്രാഞ്ചിൽ മാറാവുന്ന 2550രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റും നൽകണം.

പൂരിപ്പിച്ച അപേക്ഷ ജൂൺ 30ന് വൈകിട്ട് അഞ്ചുമണിക്കകം അക്കാദമി ഓഫീസിൽ ലഭിക്കണം. വനിതകൾക്ക് ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾ അക്കാദമി ഓഫീസിൽ നിന്നും ലഭിക്കും. **ഫോൺ: 2422275, 2422068.**

**സെക്രട്ടറി**